■ ലേഖനം

കെ.സി വർഗീസ്

# ആത്മീയതയുടെ രാഷ്ട്രീയ പരിപ്രേക്ഷ്യം

**മതമൗലികവാദം** ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മതേതര (Secular) പ്രത്യയശാസ്ത്രങ്ങൾക്കു കഴിയാതെ പോകുന്നത് എന്തുകൊണ്ട് എന്ന ചോദ്യത്തെ നമ്മൾ നേരിട്ടേ മതിയാകൂ. ബൂർഷ്വായുക്തിവാദം മാത്രമല്ല മാർക്സിസം പോലുള്ള മതേതര പ്രത്യയശാസ്ത്രങ്ങളും വളർന്നുവരുന്ന മതമൗലികവാദചിന്തകളുടെ മുമ്പിൽ അടിയറവു പറയുകയോ ഓടിയൊളിക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്ന് ലോകവ്യാപകമായി നിലവിലുള്ളത്. മനുഷ്യ ജീവിതത്തിന്റെ ആത്മീയതലങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും ബുദ്ധിജീവികളെന്നു ഭാവിക്കുന്നവർപോലും മുതിർന്നു കാണുന്നില്ല. കല, സാഹിത്യം, ഉയർന്ന സാമൂഹികബോധം തുടങ്ങിയ സർഗാത്മക ചിന്തകളത്രയും വ്യക്തിയുടെ ആത്മീയ ജീവിതത്തിന്റെ സംഭാവനകളാണ്. ആത്മീയതയെയും ഭൗതികതയെയും വെള്ളം കടക്കാത്ത അറകളായി പരസ്പരം അകറ്റി നിർത്താൻ കഴിയുന്നു എന്നിടത്താണ് മൗലികതാവാദം അതിന്റെ വിജയക്കൊടി പാറിക്കുന്നത്. ആത്മീയവും ഭൗതികവും എന്നത് പരസ്പരം പൂരകമായ രണ്ടു മണ്ഡലങ്ങൾ എന്ന നിലയിൽ തിരിച്ചറിയുകയും ഒന്നിനെ കൊണ്ടു മറ്റേതിനെ സമ്പന്നമാക്കുകയും ചെയ്യുമ്പോഴേ മനുഷ്യന്റെ ആത്മീയാനുഭൂതികൾക്ക് ഭൗതിക മണ്ഡലത്തിൽ സാക്ഷാത്കാരം ലഭിക്കൂ. ഇങ്ങനെ ചെയ്യുമ്പോഴേ കേവലം രാഷ്ട്രീയമായ അർഥങ്ങളിൽ മാത്രം ഇന്നു നമ്മൾ വ്യവഹരിക്കുന്ന പല ആശയങ്ങളുടെയും ആത്മീയതലം നമുക്ക് അനുഭവയോഗ്യമാവുകയുള്ളൂ. ആത്മീയതക്കു സ്വാതന്ത്ര്യം, സത്യം, സ്നേഹം, സമാധാനം തുടങ്ങിയ വിവിധ മൂല്യങ്ങളുണ്ട്. ഇവയത്രയും അനുഭവയോഗ്യമാകേണ്ടത് ഭൗതിക ജീവിതത്തിലാണ്. ഭൗതിക ജീവിതത്തിന്റെ മൂല്യങ്ങൾ വേറെ, ആത്മീയജീവിതത്തിന്റെ മൂല്യങ്ങൾ വേറെ എന്ന തരത്തിലുള്ള വിഭജനം ഒരുതരം ആത്മവഞ്ചനയാണ്. ആത്മീയമൂല്യങ്ങളെ ഇഹലോകബാഹ്യമായി മുന്നോട്ടു പോകുന്ന തന്ത്രമാണ് പൗരോഹിത്യമതം അവലംബിച്ചുവരുന്നത്. വിമോചനത്തിന്റെ ആത്മീയത ഇതിനെതിരായ ഒരു പ്രത്യക്ഷസമരവും കൂടിയാണ്. ഈ ആത്മീയമൂല്യങ്ങളിൽ ഏറെ പ്രസക്തമായ ഒന്നാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. വ്യക്തികളുടെ ഒറ്റക്കും കൂട്ടായുമുള്ള സ്വാതന്ത്ര്യ സംരക്ഷണമാണ് രാഷ്ട്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വ്യക്തിപരമായ സന്തോഷാന്വേഷണങ്ങളും അവകാശാനുഭവങ്ങളും എന്ന തലത്തിൽ ആണ് സാധാരണയായി സ്വാതന്ത്ര്യസങ്കൽപത്തെ വ്യവഹരിക്കാറുള്ളത്. എന്തും ചെയ്യാനുള്ള വ്യക്തിയുടെ അവകാശം എന്ന വളരെ ലളിതമായ നിർവചനത്തിൽ സ്വാതന്ത്ര്യസങ്കൽപത്തെ പരിമിതപ്പെടുത്തുകയാണ് നമ്മുടെ പതിവ്. ഭരണകൂടമുൾപ്പെടെയുള്ള മുതലാളിത്ത സ്ഥാപനങ്ങളുടെ ചെയ്തികളെ നീതീകരിക്കുന്നതിന് ഈ സങ്കൽപം പ്രയോജനപ്പെടാറുണ്ട്. ഈ വികല സങ്കൽപത്തെ ന്യായീകരിക്കുന്ന തരത്തിലാണ് ഈ വിഷയത്തെ കേന്ദ്രീകരിച്ചുള്ള ചർച്ചകളും പഠനങ്ങളും പുരോഗമിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് സ്വാതന്ത്ര്യത്തിന്റെ ആത്മീയതലത്തെക്കുറിച്ചുള്ള ഒരു അന്വേഷണം പ്രസക്തമാകുന്നത്. മതത്തിന്റെ സംഘടനാ രൂപങ്ങളെ നിഷേധിക്കുമ്പോൾ തന്നെ മതപരമായ അടിസ്ഥാനത്തിൽ വളർന്നുവന്നിട്ടുള്ള ചില

മൂല്യ സങ്കൽപങ്ങളെ സ്വാംശീകരിക്കാതെ ഒരു മതേതര സമൂഹത്തിനും മുന്നോട്ടു പോകാനാവുകയില്ലന്നതാണ് സത്യം. ആത്മീയമൂല്യങ്ങളെ ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ സംഘടിത മതങ്ങൾ വഹിച്ചിട്ടുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല.

*മർഡർ ഇൻ ദ കത്തീഡ്രൽ* (ഭദ്രാസനപ്പള്ളിയിലെ കൊലപാതകം) എന്ന തന്റെ പ്രസിദ്ധമായ നാടകത്തിൽ ടി.എസ് എലിയട്ട് സ്വാതന്ത്ര്യത്തെകുറിച്ച് ഒരു വിശേഷസങ്കൽപം ആവിഷ്കരിച്ചിട്ടുണ്ട്. നാടകത്തിലെ മുഖ്യകഥാപാത്രമായ ആർച്ച് ബിഷപ്പ് തോമസ് 1170-ലെ ക്രിസ്തുമസ് പ്രഭാതത്തിൽ തന്റെ പള്ളിയിൽ ആരാധനക്കെത്തിയ ജനങ്ങള അഭിസംബോധന ചെയ്ത് കൊണ്ട് ഇങ്ങനെ പറയുന്നു: "സമാധാനത്തെ കുറിച്ച് ക്രിസ്തു എന്താണ് പറഞ്ഞതെന്ന് ആലോചിക്കുക അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. നമ്മൾ ധരിച്ചുവെച്ചിരിക്കുന്ന അർഥമാണോ സാമാധാനം എന്ന വാക്കിന് ക്രിസ്തു ഇവിടെ നൽകിയിരിക്കുന്നത്? തീർച്ചയായും അല്ല. സമാധാനത്തിന് നമ്മളെന്ത് അർഥമാണ് കൽപിച്ചിരിക്കുന്നത്? ഇംഗ്ലണ്ട് അയൽരാജ്യങ്ങളുമായി സമാധാനത്തിൽ വർത്തിക്കുന്നു. ഇംഗ്ലണ്ടിലെ പ്രഭുക്കന്മാർ രാജാവിനോട് സമാധാനത്തിൽ വർത്തിക്കുന്നു. തന്റെ ലാഭങ്ങളെ കുറിച്ച് സമാധാനപൂർവം കണക്കുകൂട്ടൽ നടത്തുന്ന വ്യാപാരി, സുഹൃത്തിനു വേണ്ടി തന്റെ തീൻമേശയിൽ വീഞ്ഞ് ഒരുക്കിവെച്ച് കാത്തിരിക്കുന്ന ഗൃഹനാഥൻ, കുട്ടികളെ പാട്ടും നൃത്തവും പഠിപ്പിക്കുന്ന ഗൃഹനായിക ഇതൊക്കെയല്ലേ നമ്മുടെ സങ്കൽപത്തിലെ സമാധാന ചിത്രങ്ങൾ? എന്നാൽ എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്ന് യേശു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഇത്തരം ചിത്രങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നോർക്കണം. യേശു എന്ന മനുഷ്യനോ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ആർക്കെങ്കിലുമോ ജീവിതത്തിൽ ഒരിക്കൽ പോലും ഇത്തരം അനുഭവങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നോർക്കണം. അവർ കടലും കരയും താണ്ടി അലഞ്ഞു നടന്നു. പീഡനങ്ങളും ദാരിദ്ര്യവും സഹിച്ചു, തടവിലാക്കപ്പെട്ടു, നിരാശയനുഭവിച്ചു. ഒടുക്കം രക്തസാക്ഷിത്വം വരിച്ചു. ഇതൊക്കെയായിരുന്നു ക്രിസ്തു വാഗ്ദാനം ചെയ്ത സമാധാനം. സമാധാനത്തിനോ, സ്വാതന്ത്ര്യത്തിനോ നമ്മൾ നൽകിയിരുന്ന അർഥമല്ല യേശു നൽകിയിരുന്നത്. അദ്ദേഹം പറഞ്ഞു. ലോകം തരുന്നതു പോലെയല്ല, ഞാൻ നിങ്ങൾക്കു തരുന്നത്. അദ്ദേഹം തന്റെ ശിഷ്യന്മാർക്ക് സമാധാനം കൊടുത്തു. പക്ഷേ അത് ലോകം നൽകുന്ന സമാധാനമായിരുന്നില്ല."

ടി.എസ്.എലിയട്ട് ഈ ഭാഗത്ത് വ്യക്തമാക്കാൻ ശ്രമിക്കുന്നത് സ്വാതന്ത്ര്യത്തിൽ അന്തർലീനമായിരിക്കുന്ന സമാധാനം എന്ന ആശയമാണ്. പോരാട്ടത്തിന്റെ മധ്യത്തിലുള്ള സ്വാതന്ത്ര്യം! അതായിരുന്നു സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആദ്യകാല ക്രൈസ്തവസങ്കൽപം. ഏറ്റുമുട്ടലുകളിൽ നിന്നുരുത്തിരിഞ്ഞു വരുന്ന സ്വാതന്ത്ര്യം എന്നു *ഭഗവദ്ഗീത*യിൽ വിവരിച്ചിരിക്കുന്ന ആശയം ഇതിനോടു സമാനമായതാണ്. കേവലം ലൗകിക അർഥത്തിലുള്ള ശാന്തിയും സമാധാനവും ആത്മീയതലത്തിൽ ഉള്ളതല്ലെന്ന് ഇവിടെ വ്യക്തമാകുന്നു. ലോക്കെ, വോൾട്ടെയർ, ആഡംസ്മിത്ത് തുടങ്ങിയ മതനിരപേക്ഷചിന്തകന്മാരുടെ സ്വാതന്ത്ര്യ സങ്കൽപങ്ങൾക്കു പോലും കൂടുതൽ അടുപ്പമുള്ളത് സ്വാതന്ത്ര്യത്തിന്റെ ഈ ആത്മീയതലത്തോടാണ്. ഈ വീക്ഷണപ്രകാരം സ്വന്തം സുഖദുഃഖങ്ങളെക്കാളും ഇഷ്ടാനിഷ്ടങ്ങളെക്കാളും മനുഷ്യർക്കന്യോന്യമുള്ള കടപ്പാടുകളെ ഉയർത്തിപ്പിടിക്കുകയും വ്യക്തിപരമായ അവകാശങ്ങളേക്കാൾ വ്യക്തിപരമായ ബാധ്യതകൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന ജീവിത ശൈലിയിലാണ് സ്വാതന്ത്ര്യത്തിന്റെ ആത്മീയതലം എന്നുവരുന്നു.

## നഷ്ടമാകുന്ന സ്വാതന്ത്ര്യത്തിന്റെ ഉദാത്തതലങ്ങൾ

ആത്മത്യാഗം, പരസ്പര ബാധ്യത എന്നീ തത്ത്വങ്ങളിൽ ഊന്നിക്കൊണ്ടുള്ള ഉദാത്തമായ ഈ സ്വാതന്ത്ര്യസങ്കൽപം മുതലാളിത്തക്രമത്തിനു പ്രാമുഖ്യമുള്ള ആധുനിക സാമൂഹികവ്യവസ്ഥയിൽ നിലനിൽക്കുന്നതേയില്ലെന്നു പറയാം. പ്രയോഗത്തിൽ ഇല്ലെങ്കിലും സിദ്ധാന്തങ്ങളിലെങ്കിലും മതങ്ങൾ എന്നും ഊന്നൽ കൊടുത്തിരുന്നത് സ്വാതന്ത്ര്യത്തിന്റെ ഈ ഉയർന്ന തലത്തിനാണ്. അന്യർക്കായുള്ള കരുതൽ ആണ് സ്വാതന്ത്ര്യത്തിന്റെ കാതൽ എന്ന ഡയട്രിക്ബോൺഹോഫർ എന്ന ദൈവശാസ്ത്രജ്ഞൻ നിർദേശിക്കുന്നു. സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നത് പരസ്പരബന്ധത്തിൽ മാത്രമാണ്. സ്വതന്ത്രനായിരിക്കുക എന്നതിനർഥം അന്യരുമായുള്ള ബന്ധത്തെ അംഗീകരിക്കുക എന്നതാണ്. അന്യനോടുള്ള എന്റെ ബന്ധമാണ് എന്റെ സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡം (Bonhoffer - Creation and fall - temptation Macmilion - Newyork- 1975- p 37). 1945-ൽ ഫ്ളേസൻ ബർഗിലെ കോൺസൺട്രേഷൻ ക്യാമ്പിൽ ബോൺഹോഫർ തൂക്കിലേറ്റപ്പെട്ടത് അന്യർക്കായുള്ള കരുതൽ എന്ന ആശയത്തോട് പ്രതിബന്ധത പുലർത്തിയതുകൊണ്ടാണ്.

വ്യക്തിയുടെ സ്വാർഥതയുടെ ഉദ്ദീപനം എന്ന നിലയിലുള്ള സ്വാതന്ത്ര്യത്തിന്റെ ലൗകികാർഥം മതസിദ്ധാന്തങ്ങൾ മാത്രമല്ല മാർക്സിസ്റ്റ് സിദ്ധാന്തങ്ങളും നിരാകരിക്കുന്നു. ബൂർഷ്വാസിയുടെ സ്വാതന്ത്ര്യസങ്കൽപം സ്വന്തം അഹത്തിലേക്കു ഉൾവലിഞ്ഞ ഒറ്റപ്പെട്ട ഒരു പ്രാകൃത മനുഷ്യന്റെ സ്വാതന്ത്ര്യ സങ്കൽപമാണ്. ബൂർഷ്വാ സങ്കൽപപ്രകാരമുള്ള മനുഷ്യാവകാശങ്ങളൊന്നും സ്വാർഥതയിൽ അടയിരിക്കുന്ന ഒരു അപരിഷ്കൃത മനുഷ്യന്റെ സ്വകാര്യതാൽപര്യങ്ങൾക്കപ്പുറം പോകുന്നില്ല. 'യഹൂദപ്രശ്നങ്ങളെ കുറിച്ച്'എന്ന തന്റെ പ്രബന്ധത്തിൽ മാർക്സ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:' 'അവകാശങ്ങൾ അനുവദിച്ചു കിട്ടുന്നതുകൊണ്ട് മാത്രം മനഷ്യൻ സ്വതന്ത്രനാകുന്നില്ല." വ്യക്തിതാൽപര്യങ്ങളും സാമൂഹികതാൽപര്യങ്ങളും തമ്മിലുള്ള ആരോഗ്യകരമായ സമന്വയത്തിന്റെ അനന്തരഫലമാണ് സ്വാതന്ത്ര്യം. നമുക്കു ചുറ്റും വളർന്നു വരുന്ന ഉപഭോഗസംസ്കൃതിയിൽ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ അവബോധമാണ്.

സ്വാതന്ത്ര്യത്തിന്റെ ഭൗതികം, ആത്മീയം എന്നീ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ ഇവയുടെ പരസ്പരാശ്രിതത്വവും അന്യോന്യ പൂരണവും നമ്മൾക്ക് അവഗണിക്കാനാവുകയില്ല. ഒരു പൗരന്റെ ചിന്താസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്ന ഭരണകൂടം അവന്റെ ഭൗതികാവശ്യങ്ങൾ നിറവേറ്റാനുള്ള സ്വാതന്ത്ര്യത്തിന്റെ സംരക്ഷണവും കൂടി ഏറ്റെടുക്കുന്നില്ലെങ്കിൽ അത് പ്രതിലോമപരമായിരിക്കും. ചിന്താസ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവും മറ്റും ഒരു ധാർമിക സമൂഹത്തിന്റെ സൃഷ്ടിക്ക് വഴിയൊരുക്കുന്നതായിരിക്കണം. ജഫേഴ്സൺ, ലിങ്കൺ, തോറോ, വിറ്റ്മാൻ തുടങ്ങിയവർ വിഭാവന ചെയ്തിരുന്ന സ്വാതന്ത്ര്യസങ്കൽപം ഇതായിരുന്നു. മേൽപറഞ്ഞ ലക്ഷ്യത്തിനായി ബോധപൂർവം പ്രവർത്തിച്ച ക്വാക്കേഴ്സ് (Quackers), മെതേഡിസ്റ്റുകൾ (Methodists) തുടങ്ങിയ ക്രൈസ്തവഗ്രൂപ്പുകളുടെ ധാർമികസമീപനങ്ങൾ സ്വാതന്ത്ര്യത്തിന്റെ ഭൗതികാർഥത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ബഹുദൂരം സഞ്ചരിച്ച അമേരിക്കൻ സമൂഹത്തെ സമ്പൂർണ ജീർണതയിൽ എത്താതെ തടഞ്ഞുനിർത്താൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ടെന്നത് തീർച്ചയാണ്. കടിഞ്ഞാണില്ലാതെ പ്രയോഗിക്കപ്പെട്ട ചിന്താസ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും തെറ്റിനെ ശരിയുടെ സ്ഥാനത്ത് പ്രതിഷ്ഠി

ക്കാനും ഉത്തരവാദിത്വങ്ങളിൽനിന്ന് ഓടിയൊളിക്കാനും അവസരങ്ങൾ ഒരുക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആത്മീയതലത്തിന്റെ പ്രാധാന്യം സിദ്ധാന്തതലത്തിലല്ലാതെ പ്രയോഗതലത്തിൽ അവഗണിക്കപ്പെടുന്നു. മതസ്ഥാപനങ്ങൾക്കും മതേതരസ്ഥാപനങ്ങൾക്കും ഇവിടെ വീഴ്ച സംഭവിക്കുന്നു എന്നതാണ് പരമാർഥം. രണ്ടിന്റെയും പ്രയോഗപദ്ധതികളിൽ നിന്നുരുത്തിരിഞ്ഞു വരുന്ന സ്വാതന്ത്ര്യസങ്കൽപം മനുഷ്യന്റെ സ്വകാര്യ താൽപര്യങ്ങൾക്കപ്പുറം പോകുന്നില്ല. ഈ പിഴവു തിരുത്താത്തിടത്തോളം കാലം നമ്മുടെ മുന്നോട്ടുള്ള പോക്ക് തടസ്സപ്പെടുക തന്നെ ചെയ്യും.

ആത്മീയമൂല്യങ്ങളാൽ പ്രത്യക്ഷമായോ പരോക്ഷമായോ നിയന്ത്രിക്കപ്പെടാത്തപക്ഷം സ്വാതന്ത്ര്യത്തിന്റെ ഭൗതിക പ്രയോഗങ്ങൾ തീർച്ചയായും അധാർമികതയുടെ മേഖലകളിലേക്ക് പടർന്നുകയറുക തന്നെ ചെയ്യും. കഴിഞ്ഞ ഏതാനും ശതകങ്ങളായി വിവിധ നാടുകളിൽ പ്രയോഗത്തിലിരിക്കുന്ന സ്വാതന്ത്ര്യ പ്രയോഗത്തിന്റെ ചരിത്രം ഇതാണ് തെളിയിക്കുന്നത്.

അത്യാവശ്യങ്ങളുടെ അംഗീകാരം എന്ന കേവലാർഥത്തിലുള്ള സ്വാതന്ത്ര്യത്തിന്റെ പ്രയോഗം അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ തുടങ്ങിയ പാശ്ചാത്യമുതലാളിത്ത രാജ്യങ്ങളിൽ ഭരണഘടനാപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വ്യവസായ വിപ്ലവത്തിന്റെ വിജയത്തിനും ബൂർഷ്വാ ജനാധിപത്യത്തിൽ അടിയുറച്ച മുതലാളിത്ത സ്ഥാപനങ്ങളുടെ വളർച്ചക്കും ഇത് വളരെയേറെ സഹായകമായിട്ടുണ്ട്. ധന സമ്പാദനത്തിനു തടസ്സമായി നിൽക്കുന്ന ധാർമിക പ്രവണതകളെ അവഗണിക്കുന്നതിനു ഇതു കാരണമായിത്തീർന്നു. വിദ്യാഭ്യാസരംഗത്തും ഇത് വലിയ വിപ്ലവങ്ങൾ സൃഷ്ടിച്ചു. വിദ്യാഭ്യാസം സാർവത്രികമായി. സാംസ്കാരികരംഗത്ത് പല പുതിയ പ്രത്യയശാസ്ത്രങ്ങളും ഉദയം ചെയ്തു. ശാസ്ത്രം പല പുതിയ മേഖലകളെയും കീഴടക്കി.

കോളനി രാജ്യങ്ങളിലെ സമ്പത്ത് കൊള്ളയടിക്കുന്നതിനോ അവിടത്തെ ജനങ്ങളെ ചൂഷണം ചെയ്യുന്നതിനോ എതിരായ യാതൊരു മനസ്സാക്ഷിക്കുത്തും വികസിത രാജ്യങ്ങളിലെ ഭരണാധികാരികൾക്കോ ജനങ്ങൾക്കോ ഉണ്ടായില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സമ്പത്തിന്റെ യഥാർഥ ഉടമസ്ഥരായ തൊഴിലാളി വർഗം മനുഷ്യചരിത്രത്തിലെ ഏറ്റവും നിഷ്ഠുരമായ ചൂഷണത്തിനും അടിമത്തത്തിനും വിധേയരായി കഴിയുകയായിരുന്നുവെന്നോർക്കണം. '1844-ലെ ഇംഗ്ലണ്ടിലെ തൊഴിലാളി വർഗത്തിന്റെ സ്ഥിതി' എന്ന പുസ്തകത്തിൽ എംഗൽസും മൂലധനത്തിൽ കാറൽ മാർക്സും ഇതേകുറിച്ച് വിസ്തരിച്ച് ഉപന്യസിച്ചിട്ടുണ്ട്. പ്രസിദ്ധസാഹിത്യ വിമർശകനായ മിഡിൽട്ടൺ മ്യൂറെ ഇങ്ങനെ എഴുതുന്നു: " മനുഷ്യൻ തന്റെ സഹജീവിയോടു പുലർത്തുന്ന നിരുത്തരവാദിത്വം വ്യവസ്ഥാവത്കരിക്കപ്പെട്ട വ്യവസ്ഥിതിയാണ് മുതലാളിത്തം." ഉപഭോഗകാമനയെ അടിസ്ഥാനമാക്കിയുള്ള സ്വാതന്ത്ര്യ പ്രമാണത്തിന്റെ മാനസസന്താനമാണ് മുതലാളിത്തം. സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും വലിയ ധൂർത്ത് മറ്റൊരു വ്യവസ്ഥിതിയിലും ഇതുപോലെ പ്രകടമാകുന്നില്ല. സമ്പത്ത് വർധിപ്പിക്കുന്നതിലുള്ള മത്സരവും കുത്തകകളുടെ വളർച്ചയും ജീവിതത്തിന്റെ ക്രമീകരണങ്ങളെ ശിഥിലമാക്കുന്നു. ഒരു വിഭാഗം കൊഴുത്തു വളരുമ്പോൾ മറ്റൊരു വിഭാഗം നിലനിൽപിനു വഴികാണാതെ ശോഷിക്കുന്നു.

അതിപുരാതനകാലം മുതൽ മനുഷ്യന് ആശ്രയമായിരുന്ന ഭൂമിയെയും അതിന്റെ വിഭവങ്ങളെയും മുതലാളിത്ത സമ്പദ്ഘടന യാതൊരു നിയന്ത്രണവും ഇല്ലാതെ കടന്നാക്രമിക്കുന്നു. സ്വാഭാവിക മരങ്ങളും മേച്ചിൽ സ്ഥലങ്ങളും നാണ്യവിളകൾക്കു വേണ്ടി നശിപ്പിക്കപ്പെടുന്നു. കൃത്രിമമായ വളപ്രയോഗങ്ങൾ വഴി ഭൂമിയുടെ സ്വാഭാവിക ഫലഭൂയിഷ്ഠത നശിപ്പിക്കപ്പെടുന്നു. നദികൾ വറ്റിവരണ്ട് നിഷ്പ്രയോജനമാക്കപ്പെടുന്നു. അന്തരീക്ഷമാകെ വിഷവാതകങ്ങളെകൊണ്ടു മലീമസമാക്കിയിരിക്കുന്നു. പല വിശിഷ്ട ധാതുസമ്പത്തുക്കളും ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. ജനസംഖ്യയുടെ ക്രമാതീതമായ വളർച്ച ഇന്നത്തെ പരിസ്ഥിതികൾ അനിവാര്യമാക്കുന്നു എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഭ്രാന്തു പിടിച്ച ഉപഭോഗാസക്തിയാണ് ഇതിനൊക്കെ കാരണം. സ്വാർഥതയിലൂന്നിയ സ്വാതന്ത്ര്യ സങ്കൽപത്തിന്റ പ്രയോഗമാണിതിലേക്കു മനുഷ്യനെ നയിക്കുന്നത്.

1930-കൾ മുതൽ ധാർമിക മൂല്യങ്ങളെ ഒന്നൊന്നായി നശിപ്പിച്ചു കൊണ്ടാണ് യൂറോപ്യൻ സമ്പദ്‌വ്യവസ്ഥ പിടിച്ചുനിന്നതും മുന്നോട്ടു വളർന്നതും. മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് എന്നു പറയാവുന്ന ഭാഷയുടെ വിപുലമായ ദുർവിനിയോഗം ഇക്കാലത്തു നടത്തപ്പെട്ടു. റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലൂടെ അസത്യങ്ങളുടെയും അർധസത്യങ്ങളുടെയും ആവർത്തിച്ചുള്ള പ്രക്ഷേപണം വഴി ആളുകളുടെ ഉപഭോഗാസക്തിയെ വർധിപ്പിക്കുകയും തങ്ങൾക്ക് പ്രത്യേകിച്ചു ഗുണമൊന്നും ചെയ്യാത്ത വസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനു ജനങ്ങളെ മുന്നോട്ടിറക്കുകയും ചെയ്യുന്നു. അസംബന്ധജടിലമായ പരസ്യങ്ങൾ വഴിയാണ് ഇത് സാധിച്ചത്. സ്വതന്ത്ര വ്യാപാര വ്യവസ്ഥയുടെ അനിവാര്യഭാഗങ്ങളായി ഇതംഗീകരിക്കപ്പെട്ടു. മനുഷ്യരുടെ ദുർബലവികാരങ്ങളെ ഇളക്കിവിടാനും അവരുടെ ഗൗരവമായ ശ്രദ്ധയെ വഴിതിരിച്ചുവിടാനുമുള്ള ഈ ശ്രമങ്ങൾ അധാർമികമാണ്.

അധ്വാനത്തിന്റെ അന്തസ്സിനെ ഇടിച്ചുതാഴ്ത്തുന്ന തരത്തിലാണ് ജനങ്ങളുടെ അധ്വാനശക്തി വിനിയോഗിക്കപ്പെടുന്നത്. യുദ്ധവും യുദ്ധോപകരണവിപണനരംഗവുമായി ബന്ധപ്പെട്ട് എന്തു മാത്രം മനുഷ്യാധ്വാനമാണ് പാഴാക്കപ്പെടുന്നത്. ലജ്ജാവഹമായ ഇത്തരം പ്രവൃത്തികൾ കൂടാതെ തന്നെ കാർഷിക വിഭവങ്ങളുടെ വില ഉയർത്തി നിർത്താൻ അധികം വരുന്ന ഉൽപന്നങ്ങൾ കത്തിച്ചുകളയുന്നതുപോലുള്ള നിന്ദ്യമായ പ്രവൃത്തികളിലൂടെയാണ് മുതലാളിത്ത സമ്പദ്ഘടന അതിന്റെ അതിജീവനം ഉറപ്പുവരുത്തുന്നത്.

## ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം

ആവിഷ്കാരസ്വാതന്ത്ര്യമെന്ന് ഇന്നു കൊട്ടിഘോഷിക്കപ്പെടുന്ന അവകാശത്തിന്റെ പേരിൽ അമേരിക്കയിലെ കോടീശ്വരന്മാരെ മാതൃകയാക്കികൊണ്ട് എന്തെല്ലാം തോന്ന്യാസങ്ങളാണ് ഇന്ന് ലോകവ്യാപകമായി ആളുകൾ കാട്ടിക്കൂട്ടുന്നത്. അർഥശൂന്യമായ ഒച്ചപ്പാടുകളും ഞരമ്പുരോഗികളെ മാത്രം പ്രീണിപ്പിക്കുന്ന സംഗീതവും ചലച്ചിത്രങ്ങളും വഷളൻപത്രപ്രവർത്തനവും അതിന്റെ മറവിൽ നടക്കുന്ന മയക്കുമരുന്നു വ്യാപാരവും ലൈംഗികാതിക്രമങ്ങളും എല്ലാം ചേർന്ന് പൗരന്മാരുടെ വ്യക്തിത്വവും ആരോഗ്യകരമായ സാംസ്കാരികജീവിതവും ആകെ ശിഥിലമായിരിക്കുന്നു. ധാർമികതയുടെ സർവമാനദണ്ഡങ്ങളും തകർന്നു തരിപ്പണമായിരിക്കുന്നു. തകർക്കപ്പെട്ട പഴയ ദൈവങ്ങളുടെ സ്ഥാനത്ത് പുതിയ ദൈവങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ വാങ്ങുക പിന്നീട് കൊടുത്തു തീർക്കുക എന്ന മുതലാളിത്ത തന്ത്രം ആളുകളുടെ ഉപഭോഗതൃഷ്ണയെ ഉദ്ദീപിപ്പിക്കുന്നു. സ്വാതന്ത്ര്യത്തെകുറിച്ച് തെറ്റായ പല സങ്കൽപങ്ങളും വളർത്തിയെടുക്കുന്നു. സ്വാതന്ത്ര്യമെന്നാൽ തോന്നിയതൊക്കെ ചെയ്യുന്നതും വേണ്ടതും വേണ്ടാത്തതുമായ എന്തും സ്വന്തമാക്കുന്നതുമാണ് എന്ന ധാരണ ഇതു നിമിത്തം ശക്തിപ്പെടുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചും ഇത് ഒട്ടേറെ അബദ്ധധാരണകൾ സൃഷ്ടിക്കുന്നു. തൊഴിലവസര

ങ്ങളിൽ മാത്രം കണ്ണുനട്ടുകൊണ്ട് സ്വതന്ത്രമായ വിദ്യാഭ്യാസം, പ്രത്യേക പരിശീലനം തുടങ്ങിയ കപടമുദ്രാവാക്യങ്ങൾ പൊതുവിൽ അംഗീകരിക്കപ്പെടുക വഴി വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങളായിരിക്കേണ്ട പാണ്ഡിത്യബോധവും ധൈഷണികമായ അച്ചടക്കവും എല്ലാ രംഗത്തുനിന്നും പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാലയങ്ങൾ എന്തെങ്കിലും ഒരു തൊഴിൽ തേടുന്നവരുടെ വിശ്രമസങ്കേതം മാത്രമായി അധഃപതിച്ചിരിക്കുന്നു. ശിഥിലമായ ഈ വിദ്യാഭ്യാസാന്തരീക്ഷം അഭ്യസ്തവിദ്യരായ നിരക്ഷരന്മാരുടെ ഒരു പുതിയ തലമുറക്കുതന്നെ രൂപം കൊടുത്തിരിക്കുന്നു.

ഈ പ്രവണതകൾ ഏതെങ്കിലും ഒരു പ്രദേശത്തു മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. പടിഞ്ഞാറൻ യൂറോപ്പിലെ വ്യവസായവത്കൃത രാജ്യങ്ങൾ മാത്രമല്ല, കിഴക്കൻ യൂറോപ്പിലെ പല വികസിത നഗരങ്ങളും ഏഷ്യയിലെയും പഴയ സോവിയറ്റ് യൂനിയനിലെ തന്നെയും പല നഗരങ്ങളും ഈ സാംസ്കാരികാഭാസത്തിന്റെ പിടിയിലമർന്നുകൊണ്ടിരിക്കുകയാണ്. ഏഷ്യയിലും ആഫ്രിക്കയിലും പുറം ലോകത്തുനിന്നുമുള്ള കടന്നുകയറ്റമാണ് ഈ മലിനത നിറക്കുന്നത്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഭൗതിക സങ്കൽപം ഒന്നു മാത്രമാണ് ഈ കടന്നുകയറ്റക്കാരെ എന്നും ഭരിക്കുന്നത്.

## ദൈവത്തെയും മാമോനെയും ഒരുമിച്ച് സേവിക്കുന്ന സംസ്കാരം

സ്വാതന്ത്ര്യത്തിന്റെ ഭൗതികതലത്തിൽമാത്രം ഊന്നിനിന്നുകൊണ്ടുള്ള പ്രയോഗപദ്ധതികൾ നമ്മളെ എവിടെയാണ് കൊണ്ടെത്തിച്ചതെന്ന കാര്യമാണ് ഇതുവരെ ചർച്ച ചെയ്തത്. ഒരുവശത്ത് പ്രായപൂർത്തി അടിസ്ഥാനത്തിലുള്ള വോട്ടവകാശത്തെ അത് സ്ഥിരീകരിച്ചെങ്കിലും മറുവശത്ത് സ്വേഛാധിപത്യപരമായ കോളനി വാഴ്ചയെ അത് ശക്തിപ്പെടുത്തുകയായിരുന്നു. വ്യവസായത്തിലും സാങ്കേതികവിദ്യയിലും വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയെങ്കിലും സാമ്പത്തികമായ ഉച്ചനീചത്വങ്ങളും സാംസ്കാരികരംഗത്തും വിദ്യാഭ്യാസരംഗത്തും ധാർമിക അധഃപതനത്തിനും വഴിവെച്ചു. ചുരുക്കത്തിൽ സാമൂഹിക സംവിധാനത്തെ ഏതെങ്കിലും ധാർമിക പ്രമാണങ്ങളോടു കൂട്ടി യോജിപ്പിക്കാൻ അതിനു കഴിഞ്ഞില്ല.

സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ഏതു പ്രമാണവും ഫലവത്താകണമെങ്കിൽ വെറുപ്പിലോ സ്വാർഥതയിലോ ഊന്നിയ സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം തടയുക തന്നെ വേണം. 'നിങ്ങൾക്കു ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കാനാവുകയില്ല'എന്ന ബൈബിൾ പ്രമാണം (*മാത്യു* 6 :24) ഈ ആശയത്തെയാണ് വിശദമാക്കുന്നത്. മാമോന് അനുകൂലമായുള്ള സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം ആണ് ഇന്ന് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് സ്വാതന്ത്ര്യത്തിന്റെ ആത്മീയതലങ്ങളെ നമ്മുടെ ഭൗതികജീവിതത്തിൽ സാക്ഷാത്കരിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടത്.

പ്രമുഖ ലോകമതങ്ങളുടെ അടിസ്ഥാന ദർശനങ്ങളിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് ആരോഗ്യകരമായ ഒരു സങ്കൽപം അന്തർലീനമായിരിക്കുന്നു എന്നു കാണാം.'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനം യഥാർഥ സ്വാതന്ത്ര്യത്തിനു തടസ്സമായി നിൽക്കുന്ന അന്യവത്കരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അന്യവത്കരണം മനുഷ്യന്റെ വീഴ്ചയുടെ ഫലമാണ് എന്നാണ് മതം അനുശാസിക്കുന്നത്. മതം ഈ അവസ്ഥക്കു നൽകുന്ന പേരാണ് പാപം (Sin). പാപത്തിൽനിന്നുള്ള മോചനമാണ് മോക്ഷം- അഥവാ രക്ഷ. ഋഗ്വേദത്തിലും ഉൽപത്തി പുസ്തകത്തിലും ഈ ആശയം വിശദീകരിക്കുന്ന ഒട്ടേറെ പരാമർശങ്ങളുണ്ട്. വചനം ജഡമെടുത്തു എന്ന ക്രൈസ്തവാശയം ഋഗ്വേദ ആശയങ്ങളുമായി പൊരുത്തപ്പെടുന്നവയാണ്. ആരാണ് ഒരു സ്വതന്ത്ര മനുഷ്യൻ? അച്ചടക്കം, ഉത്തരവാദിത്വബോധം, സത്യസന്ധത, സ്നേഹസമ്പന്നത ഇവയൊക്കെ ആർക്കാണോ ഉള്ളത്, അയാളാണ് സ്വതന്ത്ര മനുഷ്യൻ എന്ന ഏക ഉത്തരമാണ് ഭഗവദ്ഗീതയും ബൈബിളും ഖുർആനും ഒരേ സ്വരത്തിൽ നൽകുന്നത്.

മുക്തി പ്രാപിക്കുക, മോക്ഷം നേടുക, രക്ഷിക്കപ്പെടുക എന്നിങ്ങനെയുള്ള മതത്തിന്റെ പദാവലികൾ സ്വാതന്ത്ര്യത്തിന്റെ ആത്മീയതലങ്ങളിലേക്ക് വെളിച്ചം പകരുന്നതായിരുന്നു തുടക്കത്തിൽ. പിന്നീട് അനുഷ്ഠാന പ്രധാനമായ മതപുരോഹിതന്മാരുടെ അലസജീവിതത്തിനുള്ള മാധ്യമമായി മതം മാറിയതോടെ ഇവക്കൊക്കെ പുതിയ അർഥം കൈവന്നു. എന്താണ് പുതിയ അർഥമെന്ന് നമുക്കറിയാം. ജീവിതത്തിൽനിന്നും മരണത്തിലേക്കുള്ള രക്ഷപ്പെടൽ. ആത്മീയത ഒരു മരണാനന്തര അജണ്ടയായി മാറ്റിവെക്കപ്പെട്ടു. ജനനാനന്തര പ്രശ്നങ്ങളെ മാറ്റിവെച്ച് മരണാനന്തര പ്രശ്നങ്ങളുടെ പിന്നാലെ വിശ്വാസികൾ പരക്കം പായുന്നതു കണ്ട് മതപുരോഹിതന്മാർ ഉള്ളിൽ ചിരിച്ചു. ഭൗതികജീവിതത്തിൽ ആത്മീയതക്കിടമില്ലെന്നു പുരോഹിതമതം മതത്തിനുള്ളിൽ നിന്നവരെയും മതത്തിനു പുറത്തായിരുന്നവരെയും ഒരേ പോലെ ബോധ്യപ്പെടുത്തി. മതവിമർശനത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന കാൾമാർക്സ് മതദർശനങ്ങളിൽ രൂഢമൂലമായിരുന്ന സ്വാതന്ത്ര്യത്തിന്റെ ആത്മീയമൂല്യത്തെ ആശയവാദത്തിന്റെ പട്ടികയിൽ എഴുതിച്ചേർത്തു. മതം മൊത്തത്തിൽ ഒരു മയക്കുമരുന്നാണെന്നദ്ദേഹം കണ്ടെത്തി. കവികളും കലാകാരന്മാരും ശാസ്ത്രജ്ഞന്മാരും പൊതുവിൽ മാർക്സ് ചൂണ്ടിക്കാണിച്ച വഴിയിലൂടെ മുന്നോട്ടു പോയി. 'പാരത്രിക സൗഭാഗ്യത്തിൻ കാവൽനായ്ക്കളാകുവാനോ പാരിതിങ്കൽ മനുഷ്യരായ് ജനിച്ചു നമ്മൾ?'എന്ന ചങ്ങമ്പുഴയുടെ ചോദ്യത്തിനു മറുപടി പറയാൻ മതപൗരോഹിത്യത്തിനു ത്രാണിയില്ലായിരുന്നു. അവർ ആത്മീയതയുടെ പുത്തൻ വാണിജ്യശാലകൾ തുറന്നുവെച്ച് വിശ്വാസികൾക്ക് വിൽപന നടത്തി. പൗരോഹിത്യമതത്തിന്റെ വിൽപനശാലയിൽ കടന്നുചെന്നു നാണയം മാറുന്നവരുടെ മേശമറിച്ചിടലും പ്രാവുകളെ വിൽക്കുന്നവരെ അടിച്ചോടിക്കലും എന്നും പ്രവാചക ആത്മീയതയുടെ ജോലിയായിരുന്നു. എന്നാൽ ഈ പ്രവാചക ആത്മീയതക്കു ശക്തമായ പിന്തുടർച്ചയുണ്ടായില്ല. സ്വാതന്ത്ര്യത്തിന്റെ ആത്മീയതയെ പുരോഹിതന്മാർ മരണാനന്തര സൗഭാഗ്യമായി വാഴ്ത്തിപ്പാടിയപ്പോൾ ഭൗതികവാദപ്രത്യയശാസ്ത്രങ്ങൾ സ്വാതന്ത്ര്യത്തെ കേവലം ഉപഭോഗാസക്തിയാക്കി തരംതാഴ്ത്തി. ഈ രണ്ട് കള്ളങ്ങളുടെ നടുവിൽ സ്വാതന്ത്ര്യം എന്ന ആത്മീയസത്യം കുരിശിൽ തറക്കപ്പെട്ടു. കുരിശിൽ തറക്കപ്പെട്ട ഏതൊരു സത്യവും മൂന്നാം നാൾ ഉയിർത്തേഴുന്നേൽക്കും എന്നത് വിശ്വാസികളുടെ വെറും വ്യാമോഹമായി പരിണമിച്ചു. ഇതാണ് ഇന്നു നമ്മൾ അഭിമുഖീകരിക്കുന്ന ആത്മീയ പ്രതിസന്ധിയും രാഷ്ട്രീയ പ്രതിസന്ധിയും. ■

kcvarghese2002@yahoo.co.in

(വിമോചന ദൈവശാസ്ത്രത്തിന്റെ വക്താവും ബൈബിൾ പഠനം എന്ന ജേർണലിന്റെ എഡിറ്ററുമാണ് ലേഖകൻ)